പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6569 — 8.11.2016 ൽ മറുപടിയ്ക്ക്

**മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളുടെ വിതരണം**

ചോദ്യം — മറുപടി

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്
ഡോ.എൻ.ജയരാജ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അസ്ഥി വൈകല്യമുള്ളവർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനം നല്കിവരുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് വിതരണം നടത്തി വരുന്നത്. |
| (ബി) ഇപ്രകാരം മുച്ചക്രവാഹനം അവസാനമായി കൊടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 30.4.2016 നാണ് അവസാനമായി മുച്ചക്രവാഹനം വിതരണം നടത്തിയത്. |
| (സി) മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനത്തിനു വേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ എത്രപേർക്ക് വാഹനം നൽകാൻ അവശേഷിക്കുന്നുവെന്നും ആയതിന്റെ വിതരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ? | (സി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ച 3500 ഓളം പേർക്ക് മുച്ചക്രവാഹനം നൽകാൻ അവശേഷിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി മുച്ചക്രവാഹനം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ